ശ്രീ. ജോസഫ് മുണ്ടശ്ശേരി: നോട്ടിഫിക്കേഷൻ അനുസരിച്ചും, അതിലെ വ്യവസ്ഥകളും അനുസരിച്ചുമുള്ള സൗജന്യീകരണങ്ങളും ചെയ്തതിനു ശേഷമാണ് ഡിപ്പാർട്ടുമെൻറിനു നിർദ്ദേശം കൊടുക്കേണ്ടതു്. മറുപടിയിൽ നിർദ്ദേശം ഒന്നും കൊടുത്തിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ: 31-ാംതീയതി ലിസ്റ്റു തയ്യാറാക്കി പരസ്യപ്പെടുത്തണമെന്നുള്ളപ്പോൾ, അതു പാസ്സായിക്കഴിഞ്ഞിട്ടും നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്താൻ മടിക്കുന്നതെന്തുകൊണ്ടാണു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ വലിയ ആവേശം നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിൽ കാണിക്കുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല. എന്തായാലും, ഈ ആക്ടിന്റെ പാസ്സായി രാഷ്ട്രപതിയുടെ അനുമതി ലഭിച്ചുകഴിഞ്ഞാൽ, രൂപകം അവതരിപ്പിച്ചതിനു ശേഷം നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തണമെന്നുദ്ദേശിക്കുന്നുണ്ടു്. നടപ്പിലാക്കാതിരിക്കണമെന്നുദ്ദേശമില്ല.

ശ്രീ. പി. ടി. ചാക്കോ: ഇക്കൊല്ലം ഇതനുസരിച്ചു് നിയമനം നടക്കേണമെന്നു് ഗവണ്മെൻറിനുദ്ദേശമുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: യാതൊരു ഉദ്ദേശവുമില്ല. ഈ ആക്ടിലെ വ്യവസ്ഥകളും നോട്ടിഫൈ ചെയ്തിട്ടു് എപ്പോൾ ചെയ്യാൻ കഴിയുമോ അപ്പോൾ ചെയ്യാൻ ഗവണ്മെൻറു പ്രതിജ്ഞാബദ്ധമാണു്.

ശ്രീ. പി. ടി. ചാക്കോ: ഈ ആക്ടനുസരിച്ചു് നിയമനം നടത്താതിരിക്കാൻ വേണ്ടി വളരെ മാസങ്ങളായിട്ടും ആക്ടു നോട്ടിഫൈ ചെയ്യാതിരിക്കയാണെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതു ഊഹാപോഹങ്ങൾക്കു് ഞാനിപ്പോൾ മറുപടി പറയുന്നില്ല.

പോലീസിന്റെ യൂണിഫാം പരിഷ്കരണം.

* 1556. [17] ശ്രീ സി. കെ. നാരായണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ യൂണിഫാം പരിഷ്കരിക്കുന്നതിനായി ഗവണ്മെൻറു് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിറ്റി വല്ല റിപ്പോർട്ടും ഗവണ്മെൻറിലേക്കു് സമർപ്പിച്ചിട്ടുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇതിനിടെ രൂപീകരിച്ച പോലീസ് പരിഷ്കരണ കമ്മിറ്റിയോടു പോലീസ് വകുപ്പു സംബന്ധിച്ച പല കാര്യങ്ങളും പരിശോധിച്ചു് ഗവണ്മെൻറിലേക്കു ശുപാർശ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടു്. ആ കൂട്ടത്തിൽ പോലീസ് യൂണിഫാമും പെടും. അതിനകം താൽക്കാലികമായി ഒരു പുതിയ രീതിയിലുള്ള ഷർട്ടു് അംഗീകരിച്ചിട്ടുണ്ടു്. അതിന്റെ വിതരണത്തിനു വേണ്ട ഏർപ്പാടുകളും ചെയ്തുവരികയാണു്.

(ബി) കമ്മിറ്റി റിപ്പോർട്ടു കിട്ടാറായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly